റീ-ടെണ്ടറിനെതിരെ കരാറുകാരനായ M/s. HCC സമർപ്പിച്ച കേസിൽ ലഭിച്ച അനുകൂലമായ വിധിക്കെതിരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിച്ച റിട്ട് അപ്പീൽ അനുവദിച്ചുകൊണ്ടും HCC-യുടെ പരാതി തീർപ്പാക്കിക്കൊണ്ടും 25-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലുള്ള ചില സാങ്കേതിക പിഴവുകൾ നീക്കുന്നതിനായി ബോർഡ് റിവ്യൂ പെറ്റീഷൻ നൽകിയിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ പരിഗണനയിലാണ്.

(സി) പദ്ധതി നിർമ്മാണത്തിനാവശ്യമായ വനഭൂമി വനംവകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനിടെ പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിൽനിന്നും ലഭിച്ച 9-10-2015-ലെ പുതുക്കിയ പാരിസ്ഥിതിക അനുമതിക്കെതിരായി രണ്ട് പൊതുതാല്പര്യ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി

58(2096) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശിസാഗർ ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരവും ഭരണാനുമതിയും നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുകയും ഭരണാനുമതി നൽകുകയും ചെയ്തെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾക്കായി 3.05 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള അപേക്ഷ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പിന്റെ എൻ.ഒ.സി.-യും സ്ഥലം കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശവും ജലവിഭവ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്കൽ ഡിവിഷനുകൾ

59(2097) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഏതൊക്കെ ഇലക്ട്രിക്കൽ ഡിവിഷനുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഡിവിഷനുകളിൽ വിവിധ കാറ്റഗറിയിലായി എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളത്; ജീവനക്കാരെ നിയമിക്കാതെ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്നും ഇവിടെ ജീവനക്കാരെ എന്നത്തേയ്ക്ക് നിയമിക്കുമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായി കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് അറിയിക്കുമോ; ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ചാത്തന്നൂർ ഇലക്ട്രിക്കൽ ഡിവിഷനാണ് ഉള്ളത്. ഇത് കൂടാതെ കുണ്ടറ ഡിവിഷന്റെ കീഴിലുള്ള വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ ഒരു ചെറിയ ഭാഗവും (ആദിച്ചനല്ലൂർ) ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നുണ്ട്.

(ബി) 296 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.റ്റി.സി., സ്വീപ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്